# മധുരമായ കുട്ടികളേ– ബാബ ജ്ഞാന യോഗത്തിന്റെ ഔഷധം കഴിപ്പിച്ച് നിങ്ങളെ ഗംഭീരമായി സത്കരിക്കുന്നു. അതുകൊണ്ട് സദാ സന്തോഷത്തോടെ ഇരിക്കൂ. ശ്രീമതമനുസരിച്ച് സർവ്വരേയും സത്കരിക്കൂ.

**ചോദ്യം:–** ഈ സംഗമയുഗത്തിൽ നിങ്ങളുടെ പക്കലുള്ള ഏറ്റവും സംരക്ഷിക്കേണ്ട വിലപിടിച്ച വസ്തു ഏതാണ്?

**ഉത്തരം:–** ഈ സർവ്വോത്തമ ബ്രാഹ്മണ ജന്മത്തിൽ താങ്കളുടെ ഈ ജീവിതം വളരെ അമൂല്യമാണ്. ഈ ശരീരത്തെ തീർച്ചയായും സംരക്ഷിക്കണം. ഇതു മണ്ണുകൊണ്ടുള്ള പാവയല്ലേ, എപ്പോഴായാലും നശിച്ചു പോകും അങ്ങനെ ചിന്തിക്കരുത്. ഇതിനെ ആരോഗ്യത്തോടെ വെയ്ക്കണം. ആർക്കെങ്കിലും അസുഖം വന്നാൽ അവരോട് മടുപ്പ് തോന്നരുത്. അവരോടു പറയൂ– നിങ്ങൾ ശിവബാബയെ ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. അവരുടേയും സേവനം ചെയ്യണം, ജീവിച്ചിരിക്കട്ടെ, ശിവബാബയെ ഓർമ്മിക്കട്ടെ.

**ഓം ശാന്തി**. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുന്ന ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ബാബക്കല്ലാതെ മറ്റാർക്കും ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. ഈ പഴയ ലോകം മാറുവാൻ പോകുകയാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ആരാണ് മാറ്റുന്നത് എങ്ങനെയാണ് മാറ്റുന്നത് എന്ന് പാവങ്ങളായ മനുഷ്യർക്കറിയില്ല. കാരണം അവർക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ഇല്ല. നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. അതിലൂടെ നിങ്ങൾ സൃഷ്ടിയുടെ ആദി– മധ്യ –അന്ത്യത്തെ അറിഞ്ഞു കഴിഞ്ഞു. ഇതാണ് ജ്ഞാനത്തിന്റെ സാക്രീൻ. സാക്രിന്റെ ചെറിയൊരു കഷ്ണം പോലും എത്ര മധുരമുള്ളതായിരിക്കും. ജ്ഞാനത്തിന്റെ ഒരേ ഒരു ശബ്ദമാണ് മൻമനാഭവ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ബാബ ശാന്തിധാമത്തിന്റേയും സുഖധാമത്തിന്റേയും വഴി പറഞ്ഞുതരികയാണ്. കുട്ടികൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നതിന് വേണ്ടിയാണ് ബാബ വന്നിരിക്കുന്നത്. അപ്പോൾ കുട്ടികൾക്ക് എത്ര മാത്രം സന്തോഷം വേണം. സന്തോഷം പോലൊരു ഔഷധം വേറെയില്ല എന്ന് പറയാറില്ലേ. സദാ സന്തോഷത്തിലും ആനന്ദത്തിലും ഇരിക്കുന്നവർക്ക് അതൊരു ഔഷധം തന്നെയാണ്. 21ജന്മത്തേക്ക് ആനന്ദത്തോടെ ഇരിക്കുവാനുള്ള ഒരു ശക്തമായ ഔഷധമാണിത്. ഈ ഔഷധം എല്ലായ്പ്പോഴും കഴിപ്പിക്കൂ. ഇതാണ് പരസ്പരം ചെയ്യാവുന്ന ഏറ്റവും ഗംഭീരമായ സത്കാരം. ഇങ്ങിനെയൊരു സത്കാരം ഒരു മനുഷ്യനും മറ്റൊരാൾക്ക് നൽകാൻ സാധിക്കില്ല.

നിങ്ങൾ കുട്ടികൾ ശ്രീമതമനുസരിച്ച് സർവ്വരുടേയും ആത്മീയ പാലന ചെയ്യുന്നു. ആർക്കെങ്കിലും ബാബയുടെ പരിചയം നൽകുക എന്നതാണ് സത്യം സത്യമായ സുഖവിവരം. മധുരമായ കുട്ടികൾക്കറിയാം, പരിധിയില്ലാത്ത ബാബയിൽ നിന്നും ജീവന്മുക്തിയുടെ ഉപഹാരം നമുക്ക് ലഭിച്ചിരിക്കുകയാണ്. സത്യയുഗത്തിൽ ഭാരതം ജീവന്മുക്തമായിരുന്നു പാവനമായിരുന്നു. ബാബ വളരെ ഉയർന്ന ഔഷധം കഴിപ്പിക്കുന്നു, അതുകൊണ്ടാണ് അതീന്ദ്രിയസുഖം എന്തെന്നറിയണമെങ്കിൽ ഗോപ ഗോപികമാരോടു ചോദിക്കൂ എന്ന് പാടുന്നത്. ജ്ഞാന യോഗത്തിന്റെ അതിശയകരമായ ഫസ്റ്റ്ക്ലാസ്സ് ഔഷധമാണിത്, ഈ ഔഷധം ഒരേ ഒരു ആത്മീയ സർജന്റെ പക്കൽ മാത്രമാണുള്ളത്. മറ്റാർക്കും ഈ ഔഷധത്തെക്കുറിച്ചറിയില്ല. ബാബ പറയുന്നു മധുരമായ കുട്ടികളേ, നിങ്ങൾക്ക് വേണ്ടി കൈവെള്ളയിൽ ഉപഹാരവുമായി വന്നിരിക്കുകയാണ്. മുക്തിയുടേയും ജീവന്മുക്തിയുടേയും ഈ ഉപഹാരം എന്റെ പക്കൽ മാത്രമാണുള്ളത്. കൽപ–കൽപം ഞാൻ വന്ന് ഈ ഉപഹാരം തരുന്നു പിന്നീട് രാവണൻ അതു തട്ടിയെടുക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര ഉയർന്ന സന്തോഷം ഉണ്ടായിരിക്കണം. നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ ഒരേയൊരു അച്ഛനും, ടീച്ചറും, സദ്ഗുരുവുമായ ബാബ നമ്മളെ ഒപ്പം കൊണ്ടു പോകുവാൻ വേണ്ടി വന്നിരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട ബാബയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നു. ഇതു കുറഞ്ഞകാര്യമാണോ? കുട്ടികൾ സദാ ഹർഷിതരായിരിക്കണം. *ഗോഡ്ലി സ്റ്റുഡന്റ് ലൈഫ് ഈസ് ദി ബെസ്റ്റ്* (ഈശ്വരീയ വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും നല്ല ജീവിതം). ഇത് ഈ സമയത്തെ മഹിമയാണ്. പിന്നീട് പുതിയ ലോകത്തിൽ നിങ്ങൾ സദാ സന്തോഷം ആഘോഷിച്ചുകൊണ്ടിരിക്കും. മനുഷ്യർക്ക് സത്യയുഗത്തെക്കുറിച്ചുള്ള ജ്ഞാനമില്ല അതുകൊണ്ട് ഇവിടെ തന്നെ ആഘോഷിക്കുന്നു. പക്ഷേ ഈ പഴയ തമോപ്രധാന ലോകത്തിൽ സന്തോഷം എവിടെ

ലഭിക്കാനാണ്. ഇവിടെ അറിയില്ല, അറിയില്ല എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. എത്ര ദു:ഖം നിറഞ്ഞ ലോകമാണ്.

ബാബ നിങ്ങൾ കുട്ടികൾക്ക് എത്ര സഹജമായ വഴി പറഞ്ഞു തരുന്നു. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് കമലപുഷ്പ സമാനമാകൂ. ജോലിക്കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടും എന്നെ ഓർമ്മിക്കൂ. പ്രിയതമനും പ്രിയതമയും പരസ്പരം ഓർമ്മിച്ചുകൊണ്ടിരിക്കുന്നതു പോലെ. ഒരു പ്രിയതമന് ഒരു പ്രിയതമയായിരിക്കും. ഇവിടെ അങ്ങനെയല്ല. ഇവിടെ നിങ്ങൾ എല്ലാവരും ഒരു പ്രിയതമന്റെ ജന്മജന്മാന്തരങ്ങളിലെ പ്രിയതമകളാണ്. ബാബ ഒരിക്കലും നിങ്ങളുടെ പ്രിയതമയാകുന്നില്ല. നിങ്ങൾ ആ പ്രിയതമൻ വരുന്നതിന് വേണ്ടി ഓർമ്മിച്ചു കൊണ്ടേയിരുന്നു. ദു:ഖം കൂടുമ്പോൾ കൂടുതൽ ഓർമ്മിക്കുമായിരുന്നു. അതുകൊണ്ടാണ് പറയുന്നത് ദു:ഖത്തിൽ സർവ്വരും സ്മരിക്കും സുഖത്തിൽ ആരും സ്മരിക്കുന്നില്ല. ഈ സമയം ബാബയെപ്പോലെ മായയും ദിനപ്രതിദിനം  സർവ്വശക്തിവാനാകുന്നു. തമോപ്രാധാനമാക്കുന്നു അതുകൊണ്ടിപ്പോൾ ബാബ പറയുന്നു മധുരമായ കുട്ടികളേ,ദേഹി അഭിമാനിയാകൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഒപ്പം ദൈവീക ഗുണങ്ങളും ധാരണ ചെയ്യൂ. എങ്കിൽ നിങ്ങളീ ലക്ഷ്മീ–നാരായണനെപ്പോലെയാകും. ഈ പഠനത്തിൽ മുഖ്യമായ കാര്യം ഓർമ്മ തന്നെയാണ്. ഉയർന്നതിലും ഉയർന്ന ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. ഉയർന്നതിലും, ഉയർന്ന ബാബ തന്നെയാണ് പുതിയ ലോകം സ്ഥാപിക്കുന്നത്. ബാബ പറയുന്നു, നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരികളാക്കുന്നതിന് വേണ്ടി ഞാൻ വന്നിരിക്കുകയാണ്. ഇപ്പോൾ എന്നെ ഓർമ്മിക്കൂ, എങ്കിൽ അനേക ജന്മങ്ങളിലെ പാപം ഇല്ലാതാകും. പതിത പാവനനായ ബാബ പറയുന്നു നിങ്ങൾ വളരെ പതിതമായിപ്പോയി  അതുകൊണ്ട് എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമായി പാവന ലോകത്തിന്റെ അധികാരിയാകും. പതിതപാവനൻ എന്ന് ബാബയെ മാത്രമാണ് വിളിക്കുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു അതുകൊണ്ട് പാവനമാകുക തന്നെ വേണം. ബാബ ദുഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നു. സത്യയുഗത്തിൽ പാവനലോകം ഉണ്ടായിരുന്നപ്പോൾ സർവ്വരും സുഖികളായിരുന്നു. ഇപ്പോൾ ബാബ വീണ്ടും പറയുന്നു, കുട്ടികളേ, ശാന്തിധാമത്തേയും സുഖധാമത്തിനേയും ഓർമ്മിക്കൂ. ഇപ്പോൾ സംഗമയുഗമാണ്. തോണിക്കാരൻ നിങ്ങളെ ഇക്കരെയിൽ നിന്നും അക്കരയിലേക്കു കൊണ്ടു പോകുന്നു. വെറുമൊരു തോണിയല്ല, മുഴുവൻ ലോകവും ഒരു കപ്പലു പോലെയാണ്. അതിനെ അക്കരെയെത്തിക്കുന്നു. നിങ്ങൾ മധുരമധുരമായ കുട്ടികൾക്ക് എത്ര മാത്രം സന്തോഷം ഉണ്ടായിരിക്കണം. നിങ്ങൾക്ക് സദാ സന്തോഷം തന്നെ സന്തോഷമാണ്. പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആഹാ! ഇങ്ങനെയൊരിക്കലും കേട്ടിട്ടുമില്ല, വായിച്ചിട്ടുമില്ല. ഭഗവാനുവാച: ഞാൻ നിങ്ങൾ ആത്മീയ കുട്ടികളെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ട് പൂർണ്ണമായും പഠിക്കണം, ധാരണ ചെയ്യണം. പൂർണ്ണമായ രീതിയിൽ പഠിക്കണം. പഠനത്തിൽ സാധാരണയായി നമ്പർവാറായിരിക്കും. സ്വയം നോക്കണം, ഞാൻ ഉത്തമനാണോ, മധ്യമനാണോ, അതോ കനിഷ്ഠനാണോ എന്ന്. ബാബ പറയുന്നു സ്വയം നോക്കൂ ഞാൻ ഉയർന്ന പദവി നേടുവാൻ യോഗ്യനായോ? ആത്മീയ സേവനം ചെയ്യുന്നുണ്ടോ? കാരണം ബാബ പറയുന്നു കുട്ടികളേ, സർവ്വീസബിളാകൂ, ഫോളോ ചെയ്യൂ. ഞാൻ വന്നിരിക്കുന്നതു തന്നെ സേവനം ചെയ്യുന്നതിന് വേണ്ടിയാണ്. ദിവസവും സേവനം ചെയ്യുന്നു അതുകൊണ്ടാണ് ഈ രഥം സ്വീകരിച്ചിരിക്കുന്നത്. ഇദ്ദേഹത്തിന്റെ രഥത്തിന് അസുഖം വന്നാൽ ഞാൻ ഇതിലിരുന്ന് മുരളി എഴുതും. സംസാരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ എഴുതുന്നു.  കാരണം കുട്ടികൾക്ക് മുരളി മുടങ്ങുവാൻ പാടില്ല അതുകൊണ്ട് ഞാനും സേവനത്തിൽ തന്നെയാണ്. ഇതാണ് ആത്മീയ സേവനം. അതുകൊണ്ട് നിങ്ങൾ കുട്ടികളും സേവനത്തിൽ മുഴുകൂ. ഓൺ ഗോഡ്ഫാദർലി സർവ്വീസ്. നല്ല പുരുഷാർത്ഥം ചെയ്യുന്നവരെ, നല്ല സേവനം ചെയ്യുന്നവരെ മഹാവീരൻ എന്ന് വിളിക്കുന്നു. ബാബയുടെ നിർദ്ദേശം അനുസരിച്ചു നടക്കുന്ന എത്ര മഹാവീരന്മാരുണ്ട് എന്ന് നോക്കാറുണ്ട്. ബാബയുടെ ആജ്ഞയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി സഹോദരന്മാരെ നോക്കൂ. ഈ ശരീരത്തെ മറക്കൂ. ബാബയും ശരീരത്തെ നോക്കുന്നില്ല. ബാബ പറയുന്നു ഞാൻ ആത്മാവിനെയാണ് നോക്കുന്നത്. ആത്മാവിന് ശരീരമില്ലാതെ സംസാരിക്കുവാൻ സാധിക്കില്ല എന്ന ജ്ഞാനമുണ്ടല്ലോ. ഞാനും ഈ ശരീരത്തിൽ വന്നിരിക്കുകയാണ്, ലോണെടുത്തിരിക്കുകയാണ്. ശരീരത്തിനോടൊപ്പമേ ആത്മാവിന് പഠിക്കുവാൻ സാധിക്കൂ. ബാബയുടെ ഇരിപ്പിടവും ഈ ഭൃകുടി തന്നെയാണ്. ഇതാണ് അകാല സിംഹാസനം. ആത്മാവ് അകാലമൂർത്തിയാണ്. ആത്മാവ് ഒരിക്കലും ചെറുതും വലുതുമാകില്ല. ശരീരം ചെറുതും വലുതുമാകുന്നു. ഏതെല്ലാം ആത്മാക്കളാണോ ഉള്ളത് സർവ്വരുടേയും സിംഹാസനം ഈ ഭൃകുടി തന്നെയാണ്. ഓരോരുത്തർക്കും വേറെവേറെ ശരീരങ്ങളുണ്ട്. ചിലരുടെ അകാല സിംഹാസനം പുരുഷന്റേതായിരിക്കും ചിലരുടെ അകാല സിംഹാസനം സ്ത്രീയുടേതായിരിക്കും. ചിലരുടെ അകാല സിംഹാസനം കുട്ടികളുടേതായിരിക്കും. ബാബയിരുന്ന് കുട്ടികളെ ആത്മീയഡ്രിൽ പഠിപ്പിക്കുന്നു. ആരോടെങ്കിലും സംസാരിക്കുമ്പോൾ ആദ്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ ആത്മാവ് ഇന്ന സഹോദരനോടു സംസാരിക്കുകയാണ്.

ബാബയുടെ സന്ദേശം കൊടുക്കുന്നു– ശിവബാബയെ ഓർമ്മിക്കൂ. ഓർമ്മയിലൂടെ തന്നെയാണ് അഴുക്ക് ഇളകി പോകുന്നത്. സ്വർണ്ണത്തിൽ എപ്പോഴാണോ കലർപ്പ് ചേരുന്നത് അപ്പോൾ സ്വർണ്ണത്തിന്റെ മൂല്ല്യം കുറയുന്നു. നിങ്ങൾ ആത്മാക്കളിലും അഴുക്കു പിടിച്ചതുകാരണം മൂല്ല്യമില്ലാത്തവരായി മാറി. ഇപ്പോൾ വീണ്ടും പാവനമാകണം. നിങ്ങൾ ആത്മാക്കൾക്ക് ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. ആ നേത്രത്തിലൂടെ തന്റെ സഹോദരന്മാരെ നോക്കൂ. സഹോദരന്മാരെ നോക്കിയാൽ ദൃഷ്ടി ചഞ്ചലമാകില്ല. രാജ്യഭാഗ്യം നേടണം വിശ്വത്തിന്റെ അധികാരിയാകണമെങ്കിൽ ഇങ്ങനെയെല്ലാം പരിശ്രമിക്കണം. സഹോദരങ്ങളാണെന്ന് മനസ്സിലാക്കി സർവ്വർക്കും ജ്ഞാനം നൽകൂ. പിന്നീട് ഈ ശീലം ഉറക്കും. നിങ്ങൾ സർവ്വരും സത്യമായ സഹോദന്മാരാണ്. ബാബയും മുകളിൽ നിന്ന് വന്നിരിക്കുകയാണ്, നിങ്ങളും വന്നിരിക്കുകയാണ്. നിങ്ങൾ കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. സേവനം ചെയ്യുവാനുള്ള ധൈര്യം ബാബ നൽകുന്നു. ധൈര്യശാലി കുട്ടികളെ ബാബ സഹായിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ പ്രാക്ടീസ് ചെയ്യണം. ഞാൻ ആത്മാവ് സഹോദരനെയാണ് പഠിപ്പിക്കുന്നത്. ആത്മാവല്ലെ പഠിക്കുന്നത്. ഇതിനെ സ്പിരിചൽ നോളെജ് എന്ന് പറയുന്നു, ജ്ഞാനം ആത്മീയ അച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. സംഗമയുഗത്തിൽ ബാബ വന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ എന്ന ജ്ഞാനം നൽകുന്നു. നിങ്ങൾ വിവസ്ത്രരായാണ് വന്നത്. പിന്നീട് ഇവിടെ ശരീരം ധാരണ ചെയ്ത് നിങ്ങൾ 84 ജന്മങ്ങളുടെ പാർട്ടഭിനയിച്ചു. ഇപ്പോൾ തിരിച്ചു മടങ്ങണം അതുകൊണ്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി സഹോദര-സഹോദര ദൃഷ്ടിയിൽ കാണണം. ഇങ്ങനെ പരിശ്രമിക്കണം. തനിക്കു വേണ്ടി പരിശ്രമിക്കണം. മറ്റുള്ളവരെ നോക്കേണ്ട ആവശ്യമില്ല. *ചാരിറ്റി ബിഗിൻസ് അറ്റ് ഹോം* (സേവനം വീട്ടിൽ നിന്നാരംഭിക്കണം). അർത്ഥം ആദ്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പിന്നീട് സഹോദരങ്ങൾക്ക് പറഞ്ഞു കൊടുക്കണം. അപ്പോൾ നല്ല രീതിയിൽ അമ്പു തറക്കും. മൂർച്ച കൂട്ടണം. പരിശ്രമിച്ചാലേ ഉയർന്ന പദവി ലഭിക്കൂ. ഇക്കാര്യത്തിൽ അൽപം സഹിക്കേണ്ടിയും വരും. ആരെങ്കിലും ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിച്ചാൽ നിങ്ങൾ നിശബ്ദരായിരിക്കൂ. നിങ്ങൾ നിശബ്ദമായിരുന്നാൽ പിന്നീട് മറ്റുള്ളവർ എന്തു ചെയ്യാനാണ്? രണ്ടു കൈയ്യും അടിക്കുമ്പോഴാണ് ശബ്ദമുണ്ടാകുന്നത്. ഒരാൾ വായ് കൊണ്ടു ശബ്ദമുണ്ടാക്കുമ്പോൾ അടുത്തയാൾ നിശബ്ദനായിരുന്നാൽ അവരും സ്വതവേ നിശബ്ദരാകും. രണ്ടു കൈയ്യടിക്കുമ്പോഴാണ് ശബ്ദമുണ്ടാകുന്നത്. കുട്ടികൾക്ക് പരസ്പരം മംഗളം ചെയ്യണം. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളേ സദാ സന്തോഷത്തിൽ ഇരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ മൻമനാഭവയാകൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. സഹോദരങ്ങളെ കാണൂ. കുട്ടികൾക്ക് ആത്മീയ യാത്ര ചെയ്യുന്ന ശീലം കൊണ്ടു വരണം. ഇതെല്ലാം നിങ്ങൾക്ക് തന്നെ നേട്ടമുണ്ടാക്കുന്ന കാര്യങ്ങളാണ്. ബാബയുടെ ശിക്ഷണം സഹോദരങ്ങൾക്ക് നൽകണം. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. ആത്മാവിനെ തന്നെ കാണണം. മനുഷ്യർ മനുഷ്യരോടു സംസാരിക്കുമ്പോൾ മുഖത്തു നോക്കാറില്ലേ. നിങ്ങൾ ആത്മാക്കളോടു സംസാരിക്കുമ്പോൾ ആത്മാവിനെ തന്നെ നോക്കണം. ശരീരത്തിലൂടെയാണ് ജ്ഞാനം നൽകുന്നത് എന്നാൽ ശരീരത്തിന്റെ ബോധം ഉപേക്ഷിക്കണം. നിങ്ങൾ ആത്മാക്കൾക്കറിയാം പരമാത്മാവായ പിതാവ് നമുക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. ബാബയും പറയുന്നു, ഞാൻ ആത്മാക്കളെ മാത്രമാണ് കാണുന്നത്. ആത്മാക്കളും പറയുന്നു ഞങ്ങൾ പരമാത്മാവിനെ തന്നെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്. ബാബയിൽ നിന്നും ജ്ഞാനം എടുത്തുകൊണ്ടിരിക്കുകയാണ് ആത്മീയ ജ്ഞാനത്തിന്റെ കൊടുക്കൽ വാങ്ങൽ എന്ന് ഇതിനെയാണ് പറയുന്നത്. ആത്മാവ് ആത്മാവുമായി കൊടുക്കൽ വാങ്ങൽ നടത്തുന്നു. ആത്മാവിൽ തന്നെയാണ് ജ്ഞാനമുള്ളത്. ആത്മാവിന് തന്നെയാണ് ജ്ഞാനം നൽകേണ്ടതും. ഇത് ശരിക്കും മൂർച്ച കൂട്ടുന്നതു പോലെയാണ്. നിങ്ങളുടെ ജ്ഞാനത്തിൽ ഈ മൂർച്ച നിറയും. അങ്ങനെ ആർക്ക് ഈ ജ്ഞാനം പറഞ്ഞുകൊടുത്താലും ക്ഷണത്തിൽ അമ്പേക്കും. ബാബ പറയുന്നു പ്രാക്ടീസ് ചെയ്തു നോക്കൂ, അമ്പേൽക്കുമല്ലോ? ഈയൊരു പുതിയ ശീലം കൊണ്ടു വന്നാൽ ശരീരത്തിന്റെ ബോധം ഇല്ലാതാകും. മായയുടെ കൊടുങ്കാറ്റും കുറയും. മോശമായ സങ്കൽപങ്ങൾ വരില്ല. ക്രിമിനൽ ദൃഷ്ടി വരില്ല. നമ്മൾ ആത്മാക്കൾ 84ന്റെ ചക്രം കറങ്ങിവന്നു. ഇപ്പോൾ നാടകം പൂർത്തിയായി. ഇപ്പോൾ ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ഓർമ്മയിലൂടെ തന്നെയാണ് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി, സതോപ്രധാന ലോകത്തിന്റെ അധികാരിയാകുന്നത്. എത്ര സഹജമാണ്. കുട്ടികൾക്ക് ഈ ശിക്ഷണം നൽകുക എന്നത് എന്റെ പാർട്ടാണ് എന്ന് ബാബക്കറിയാം. പുതിയ കാര്യമൊന്നുമല്ല. ഓരോ 5000 വർഷത്തിന് ശേഷവും എനിക്കു വരേണ്ടി വരുന്നു. ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. കുട്ടികൾക്കിരുന്ന് മനസ്സിലാക്കിത്തരുന്നു, മധുരമായ കുട്ടികളേ, ആത്മീയമായ ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ എങ്കിൽ അന്തിമസമയത്തെ ബുദ്ധി പോലെ ഗതിയും ഉണ്ടാകും. ഇത് അന്തിമകാലമല്ലേ! എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ സദ്ഗതിയുണ്ടാകും. ഓർമ്മയുടെ യാത്രയിലൂടെ അടിത്തറ ശക്തിശാലിയാകും. ദേഹീ അഭിമാനിയാകുവാനുള്ള ശിക്ഷണം ഒരൊറ്റം പ്രാവശ്യം മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. എത്ര

അതിശയകരമായ ജ്ഞാനമാണിത്. ഒരിക്കലും ആർക്കും പറയുവാൻ സാധിക്കില്ല. ഇപ്പോൾ തിരിച്ചു വീട്ടിലേക്കു പോകണം അതുകൊണ്ട് ബാബ പറയുന്നു മധുരമായ കുട്ടികളേ ,ഇത് അഭ്യസിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ആത്മാവിന് ജ്ഞാനം നൽകൂ. മൂന്നാമത്തെ നേത്രത്തിലൂടെ സഹോദരനെ നോക്കൂ. ഇത് വളരെ പരിശ്രമമുള്ള കാര്യമാണ്.

നിങ്ങൾ ബ്രാഹ്മണരുടെ സർവ്വോത്തമമായ ഉയർന്നതിലും ഉയർന്ന കുലമാണിത്. ഈ സമയത്ത് നിങ്ങളുടെ ജീവിതം വളരെ അമൂല്യമായതാണ്. അതുകൊണ്ട് ഈ ശരീരത്തെ നന്നായി സംരക്ഷിക്കണം. തമോപ്രധാനമായതു കാരണം ശരീരത്തിന്റെ ആയുസ്സും കുറഞ്ഞുപോയിരിക്കുന്നു. നിങ്ങളിപ്പോൾ എത്രത്തോളം യോഗം ചെയ്യുന്നുവോ അത്രത്തോളം ആയുസ്സും വർദ്ധിക്കും. സത്യയുഗത്തിൽ നിങ്ങളുടെ ഉയർന്ന ആയുസ്സ് 150 വർഷമായിരിക്കും. അതുകൊണ്ട് ശരീരത്തെ നന്നായി സംരക്ഷിക്കണം. ഇതു മണ്ണുകൊണ്ടുള്ള പാവയാണ്, അങ്ങ് നശിച്ചു പോകട്ടെ, അങ്ങനെ ചിന്തിക്കരുത്. ശരീരത്തെ ജീവസ്സുറ്റതാക്കി വയ്ക്കണം. ഇത് അമൂല്യമായ ജീവിതമല്ലേ? ആർക്കെങ്കിലും അസുഖം വന്നലും അവരെപ്രതി മടുപ്പ് തോന്നരുത്. ശിവബാബയെ ഓർമ്മിക്കൂ എന്ന് അവരോടും പറയൂ. ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. അവരുടെയും സേവനം ചെയ്യണം. ജീവിച്ചിരിക്കട്ടെ, ശിവബാബയെ ഓർമ്മിക്കട്ടേ. ഞാൻ ബാബയെയാണ് ഓർമ്മിക്കുന്നത് എന്ന വിവേകമുണ്ടല്ലോ? ആത്മാവ് സമ്പത്ത് പ്രാപ്തമാക്കുന്നതിന് വേണ്ടി ബാബയെ ഓർമ്മിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വയം നോക്കണം ഞാൻ പുരുഷാർത്ഥത്തിൽ ഉത്തമനാണോ? മധ്യമനാണോ? അതോ കനിഷ്ഠനാണോ? ഞാൻ ഉയർന്ന പദവി നേടുവാൻ യോഗ്യനാണോ? ഞാൻ ആത്മീയ സേവനം ചെയ്യുന്നുണ്ടോ?

2) മൂന്നാമത്തെ നേത്രത്തിലൂടെ ആത്മാവിനെ, സഹോദരനെ നോക്കൂ. സഹോദരനാണെന്ന് മനസ്സിലാക്കി സർവ്വർക്കും ജ്ഞാനം കൊടുക്കൂ. ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ ശീലം കൊണ്ടു വരൂ എങ്കിൽ കർമ്മേന്ദ്രിയങ്ങൾ ചഞ്ചലമാകില്ല.

### വരദാനം- ബ്രഹ്മാബാബക്കുസമാനം മഹാത്യാഗത്തിലൂടെ മഹാഭാഗ്യമുണ്ടാക്കുന്ന, ഫരിഷ്തയിൽനിന്നും വിശ്വമഹാരാജനാകുന്നവരായി ഭവിക്കട്ടെ.

ആരാണോ ബ്രഹ്മാബാബയുടെ ഓരോകർമ്മങ്ങളാകുന്ന ചുവടുകളെയും പിൻതുടരുന്നത്, അവർക്കാണ ഫരിഷ്തയിൽനിന്നും വിശ്വമഹാരാജനാകുന്നതിനുള്ള വരദാനം ലഭിക്കുന്നത്. അവരുടെ മനസ്സ്, ബുദ്ധി, സംസ്ക്കാരം എന്നിവ സദാ ബാബയിൽ സമർപ്പണമായിരിക്കും. എങ്ങിനെയാണോ ബ്രഹ്മാബാബ മഹാത്യാഗത്തിലൂടെ മഹാഭാഗ്യത്തെ പ്രാപ്തമാക്കിയത് അഥവാ സമ്പൂർണ്ണ ഫരിഷ്തയും,നമ്പർവൺ വിശ്വമഹാരാജനുമായിമാറിയത്,അങ്ങിനെ ബ്രഹ്മാബാബയുടെ ചുവടുകളെ പിൻതുടരുന്ന കുട്ടികളും മഹാത്യാഗികളും, സർവസ്വത്യാഗികളുമായി മാറുന്നു. സംസ്ക്കാരങ്ങളിലെ വികാരങ്ങളുടെ അംശത്തെപ്പോലും അവർ ത്യാഗം ചെയ്യുന്നു.

### സ്ലോഗൻ:- ഇപ്പോൾഎല്ലാആശ്രയങ്ങളും ഇല്ലാതാകുന്നതാണ്,അതിനാൽഒരേയൊരു ബാബയിൽ അഭയം പ്രാപിക്കൂ.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ..**

ഇത്രയും വലിയ പ്രകൃതിയെ പരിവർത്തനം ചെയ്യുക,തമോഗുണിസംസ്ക്കാരങ്ങളുള്ള ആത്മാക്കളുടെ തമോഗുണി വൈബ്രേഷൻസിനെ മാറ്റുക, മാത്രമല്ല അവനവനെയും ഈ രക്തച്ചൊരിച്ചിലിന്റെ വായുമണ്ഢലത്തിന്റെ വൈബ്രേഷനിൽ നിന്നും സുരക്ഷിതമാക്കി വെക്കുകയും, ആ ആത്മാക്കൾക്കും സഹയോഗം നൽകുകയും ചെയ്യുക. ഇങ്ങിനെയുള്ള വിശാലമായകാര്യങ്ങൾ ചെയ്യുന്നതിനായി മനസ്സിനെ ശുഭഭാവനകളാൽ സമ്പന്നവും,ശക്തിശാലിയുമാക്കി മാറ്റണം.